K.p.2

# പ്രപഞ്ചശില്പി

(കവിതകം)

40959

2253

ജെ. ററി. ആമ്പല്ലൂർ

---

വിതരണം:

വിദ്യാർത്ഥിമിത്രം ബുക്കു ഡിപ്പോ

ബേക്കർ റോഡ്, കോട്ടയം

NATIONAL BOOK STALL
SPCS LTD.
GR. KOTTAYAM.

വില ക: 1–00

## ജെ. ററി. ആമ്പല്ലൂരിൻെറ കൃതികൾ

മുന്തിരിക്കുല (കവിതാസമാഹാരം)

ഒരു പൂവും കുറെ മൊട്ടുകളും ,,

പ്രപഞ്ചശില്പി ,,

40959

2253

# മുഖവുര

മുഖവുരയായി ഒരു വാക്കു്.

എൻെറ മൂന്നാമത്തെ കവിതാസമാഹാരമായ ഈ 'പ്രപഞ്ചശില്പി'യിൽ ചേർത്തിരിക്കുന്ന പന്ത്രണ്ടു ലഘു കവിതകൾ പലപ്പോഴായി പല മാസികകളിലും പത്രങ്ങളിലുമായി പ്രസിദ്ധീകരിച്ചവയാണു്. ഇവയിലെല്ലാം ഭക്തിപരമായ ഒരന്തരീക്ഷം നിഴലിച്ചിട്ടുണ്ടെന്നു് ഞാൻ കരുതുന്നു. അതു് ശരിയായോ തെററിയോ എന്നും, നല്ലതോ ചീത്തയോ എന്നും നിർണ്ണയിക്കേണ്ടതു് അനുവാചകരാണു്.

ഈ ലഘുകാവ്യസമാഹാരത്തിനു് സുന്ദരമായ ഒരവതാരിക എഴുതിത്തന്ന ആളും, ഇന്നത്തെ പ്രശസ്ത നിരൂപകരിൽ ശ്രദ്ധേയനുമായ പ്രൊഫ: കെ. എം. തരകൻ അവർകളുടെ സ്നേഹനിർഭരമായ ഹൃദയത്തിനു മുമ്പിൽ ഞാൻ അഭിവാദനങ്ങളർപ്പിക്കുന്നു. ഇതിൻെറ കവറിൽ ശ്രദ്ധേയമായ ഒരു കുറിപ്പെഴുതിച്ചേർത്ത പ്രശസ്ത യുവകവിയും സുഹൃത്തുമായ ശ്രീ. ബ്രഹ്മമംഗലം മാധവനു് ഞാൻ ഔപചാരികമായി നന്ദി പറഞ്ഞുകൊള്ളട്ടെ.

കേരളത്തിലെ സഹൃദയരുടെ മുമ്പിൽ, അവർക്കു് പ്രയോജനപ്പെടുമെന്നു് ഞാൻ കരുതുന്ന, ഈ ലഘു കൃതി സവിനയം സമർപ്പിച്ചുകൊള്ളുന്നു.

ആമ്പല്ലൂർ,
3-10-1968.

ജെ. ററി. ആമ്പല്ലൂർ.
(ഗ്രന്ഥകർത്താവു്)

# അവതാരിക

ശ്രീ. ജെ. ററി. ആമ്പല്ലൂർ മലയാളസാഹിത്യരംഗത്തു് ഒരു നവാഗതനല്ല. ആനുകാലികപ്രസിദ്ധീകരണങ്ങളിലെല്ലാം അദ്ദേഹത്തിൻെറ ഭാവകാവ്യങ്ങൾ പ്രത്യക്ഷപ്പെടാറുണ്ടു്. അദ്ദേഹത്തിൻെറ 'മുന്തിരിക്കുല' എന്ന മനോഹരമായ കാവ്യസമാഹാരം സഹൃദയപ്രീതി സമ്പാദിച്ചും കഴിഞ്ഞിരിക്കുന്നു. വളരെ സന്തോഷത്തോടെയാണു് വാസനാസമ്പന്നനായ ഈ യുവകവിയുടെ 'പ്രപഞ്ചശില്പി' എന്ന ഈ കൃതി ഞാൻ ബഹുജനസമക്ഷം അവതരിപ്പിക്കുന്നതു്.

പന്ത്രണ്ടു ലഘുകവനങ്ങൾ ഈ സമാഹാരത്തിൽ അടങ്ങിയിരിക്കുന്നു. ഭാവത്തിൻെറ സൗകുമാര്യത്തിലും രൂപത്തിൻെറ മാധുരിയിലും മലയാളത്തിൽ ഇന്നു പുറത്തിറങ്ങിക്കൊണ്ടിരിക്കുന്ന ഏതു കവനങ്ങളോടും ഇവ കിടപിടിക്കുന്നു. യുവകവികളിൽ പലരും, കാലത്തെക്കുറിച്ചുള്ള തെററായ ധാരണമൂലമോ, ചില പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെടാൻ മാർഗ്ഗമില്ലാത്തതുകൊണ്ടോ എന്തോ, അധികവും ക്ഷുദ്രവികാരങ്ങളെമാത്രം ആവിഷ്കരിക്കുന്നതിൽ സംതൃപ്തി അടയുന്നു. അവയെ സുന്ദരതരമാക്കത്തക്ക രചനാസൗഷ്ഠവം അവരിലധികം പേൎക്കും വിധേയമല്ലതാനും. വേറെ ചില കവികളാവട്ടെ, കേവലം അമ്മൂമ്മക്കഥകളെടുത്തിട്ടു് അവയെ ഈരടികളാക്കി മാററി, ഉദാത്തം, ഗംഭീരം എന്നീ ലേബലുകളൊ

ട്ടിച്ച് നല്ല കെട്ടും മട്ടും നൽകി വിപണിയിലിറക്കുന്നു. അനുഗൃഹീത കവിയായ ചങ്ങമ്പുഴയുടെ ക്ഷയോന്മുഖരായ അനുകർത്താക്കളാണ് ആദ്യത്തെ കൂട്ടരെങ്കിൽ, വള്ളത്തോളിൻെറയും വെണ്ണിക്കുളത്തിൻെറയും വഴിതെററിയ അനുഗാമികളാണ് രണ്ടാമത്തെ കൂട്ടർ. കാവ്യാധ്വാവിൽ നിന്നും വളരെ അകന്നാണ് ഇരുകൂട്ടരുടേയും സഞ്ചാരം.

എന്നാൽ മഹാകവി ജി. ശങ്കരക്കുറുപ്പും വൈലോപ്പിള്ളിയും തുറന്നിട്ട പാതയിൽക്കൂടി സുധീരം മുന്നേറുന്ന യുവകവികൾ ആധുനിക കവിതയുടെ സ്രഷ്ടാക്കളെന്ന പദവിതന്നെ പിടിച്ചുവാങ്ങാനുള്ള കരുത്തു നേടിയിരിക്കുന്നു. സുഗതകുമാരിയെയും വിഷ്ണുനാരായണൻ നമ്പൂതിരിയെയും ഏറെ സ്വാധീനിച്ചതു് "ജി" തന്നെ. അയ്യപ്പപ്പണിക്കർക്കും കക്കാടിനും പ്രചോദനം നൽകിയതു് 'ശ്രീ'യും. കാവ്യത്തിൻെറ ഒരു നൂതനമേഖല ഇവർ മലയാളസാഹിത്യത്തിനു കാണിച്ചുകൊടുത്തുകൊണ്ടിരിക്കുന്നു. നാളത്തെ കവിത, അപൂർവ്വവസ്തുനിർമ്മാണത്തിൽ വ്യാപൃതരായിരിക്കുന്ന ഈ യുവകവികളുടെ സൃഷ്ടി ആയിരിക്കാനാണ് സാദ്ധ്യത. എന്നാൽ അതിസങ്കീർണ്ണതയുടെ ഊടുവഴികളിൽനിന്നും ഒഴിഞ്ഞുനീങ്ങാൻ അവർ എത്രമേൽ ശ്രദ്ധിക്കുന്നുവോ അത്രയ്ക്കു് അതു് അവർക്കും സാഹിത്യത്തിനും നന്നു്.

ക്ഷയോന്മുഖമായ റൊമാൻറിസിസത്തിനും, അതിൻെറ തിരിച്ചടിയായ അത്യാധുനകാവ്യരചനാസമ്പ്രദായത്തിനും അടിപ്പെടാതെ തുഞ്ചൻെറ കാവ്യാത്മാവ് മലയാളസാഹിത്യലോകത്തു് ഇന്നും സജീവമായി

വ്യാപരിച്ചുകൊണ്ടിരിക്കുന്നു. എഴുത്തച്ഛൻപാട്ടുകളുടെ ചൈതന്യമാണ് സംസ്കൃതവൃത്തത്തിൽക്കൂടിയാണെങ്കിൽപ്പോലും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ഭാരതതർജ്ജമയിൽ ആദ്യന്തം പ്രസരിച്ചുകാണുന്നതു്. മലയാളസാഹിത്യത്തിന്റെ തായ്‌വേരുകളിൽ ഒന്നാണ് ആസ്തിക്യബോധത്തിൽ അടിയുറച്ച ഭക്തി. ആധുനികകാലത്തു് പി. കുഞ്ഞിരാമൻനായരിലും, പുത്തൻകാവു മാത്തൻതരകനിലും സിസ്റ്റർ ബനീഞ്ജയിലും ഓളംവെട്ടിയതു് ഈ ഭക്തി തന്നെ. ഭക്തിയുടെ മറെറാരു മുഖമാണ് പാലായുടെ ദേശഭക്തിപ്രധാനമായ കാവ്യങ്ങളിലും കാണുന്നതു്. 'പ്രപഞ്ചശില്പി' രചിച്ച യുവകവിയെ ഏററം സ്വാധീനിച്ചിരിക്കുന്നതും ആസ്തിക്യബോധത്തിൽ അടിയുറച്ച ഭക്തിപ്രസ്ഥാനമാണെന്നു് സ്പഷ്ടമത്രെ. ഈശ്വരചിന്തയാണ് ഈ സമാഹാരത്തിലെ കവനങ്ങളുടെയെല്ലാം കേന്ദ്രബിന്ദുവെന്നു് ഇതിന്റെ പേരുതന്നെ എടുത്തുകാണിക്കുന്നു.

ഈ സമാഹാരത്തിലെ ആദ്യത്തെ കവിതയായ 'പ്രപഞ്ചശില്പി'യിൽ പ്രപഞ്ചത്തെ സൃഷ്ടിച്ച ശില്പിയെ സ്തുതിക്കാനുള്ള ആഹ്വാനമാണ് കവി നൽകുന്നതു്. പ്രപഞ്ചസൃഷ്ടിയിൽ ലയിച്ചു് വിശ്വകാരണന്റെ മാഹാത്മ്യങ്ങൾ ആരായാൻ കഴിയുന്ന കവിയെയാണ് 'ജീവിതം' എന്ന കവിത പ്രതിഫലിപ്പിക്കുന്നതു്. പ്രപഞ്ചത്തിലെ ഓരോ പ്രതിഭാസവുമായി അകൃത്രിമമായി താദാത്മ്യം പ്രാപിക്കുവാൻ കഴിയുന്നതു് കവിത്വത്തിന്റെ അത്ഭുതസിദ്ധിയാകുന്നു. കുറെയെങ്കിലും അതു സാധിക്കാൻ

കഴിയുന്ന കവി ആ അസാധാരണാനുഭൂതികളുള്ള ശ
ക്തിനൽകിയ ഈശ്വരനെ അഭിനന്ദിയ്ക്കുന്നു. ദുഃഖത്തി
ന്റെ പ്രശ്നം ലോകചിന്തകന്മാരെയെല്ലാം അത്യധി
കം മഥിച്ചിട്ടുള്ള ഒന്നത്രെ. എന്നാൽ ബ്രൌണിങ്ങിനെ
പ്പോലുള്ള കവികൾ മാത്രമേ ആംഗലസാഹിത്യത്തിൽ
പോലും അതിന്റെ ആഴങ്ങളിലേയ്ക്ക് ഊളിയിട്ടിറ
ങ്ങിച്ചെല്ലുന്നുള്ളു. ദുഃഖത്തിന്റെ വിവിധ വശങ്ങളെ പ
രാമർശിക്കുന്ന കവിയുടെ ചിന്തകൾ ശിഥിലങ്ങളും അ
വ്യക്തങ്ങളുമായിത്തീരുന്നതു് സ്വാഭാവികമാണു്. അ
ഭിലാഷമാണു് ദുഃഖത്തിന്റെ ഹേതുവെന്ന നിഗമനത്തി
ലേയ്ക്കു് കവി എങ്ങനെയോ ചെന്നെത്തുന്നുവെന്നേ പറ
യാനാവൂ. പാപമാണു് ദുഃഖത്തിന്റെ ഹേതുവെന്നും, പാ
പത്തിന്റെ ഉറവിടം മോഹമാണെന്നുമുള്ള ക്രൈസ്തവസി
ദ്ധാന്തവും, അഭിലാഷമാണു് സർവ്വദുഃഖത്തിനും കാരണ
മെന്നുള്ള ഹൈന്ദവസിദ്ധാന്തവും തത്ത്വത്തിൽ ഒന്നുത
ന്നെ. "ദുഃഖവും സുഖവു"മെന്ന കവിത ഈ തത്ത്വത്തിലേ
യ്ക്കു് വിരൽചൂണ്ടുന്നു. ദുഃഖം കാവ്യത്തിനു് പ്രചോദനമ
രുളുകയും ചെയ്യുന്നുവെന്നു് "ദുഃഖവും കവിതയും" എന്ന
കവനത്തിൽ കവി വിശദമാക്കുന്നു. "മരുപ്പച്ച" കവിയു
ടെ ഹൃദ്യമായ ഒരു അഃപക്ഷയാകുന്നു. ജീവിതയാത്രയിൽ
നേർവഴി കാണിക്കുവാൻ ഈശ്വരനോടു നടത്തുന്ന ഒരു
പ്രാർത്ഥന. "അന്തർദ്ദാഹ"ത്തിലും ഈ പ്രാർത്ഥന കവി
ആവർത്തിക്കുന്നു. ഈശ്വരനെ സ്നേഹസ്വരൂപനായി
"സ്നേഹദീപം" എന്ന കാവ്യത്തിൽ കവി പ്രകീ
ർത്തിക്കുന്നു. "അത്ഭുതരഹസ്യ"ത്തിലെയും പ്രമേയം ഈ

ശ്വരമാഹാത്മ്യംതന്നെ.

കൂടുതൽ ചിന്താമഥിതനായ കവിയെയാണു് "മായ", "അത്ഭുതരഹസ്യം", "താമര", "നിഗ്രഹങ്ങൾ, മാഗ്ഗങ്ങൾ" എന്നീ കവിതകളിൽ കാണുന്നതു്. ശ്രീ ശങ്കരന്റെ മായാവാദം ഹൈന്ദവദർശനത്തിന്റെ അവിഭാജ്യഘടകമാണല്ലൊ. ശലോമോന്റെ ദർശനത്തിലും മായാവാദം നിർല്ലീനമായിട്ടുണ്ടു്. ഈ രണ്ടു സിദ്ധാന്തങ്ങളുടെയും മാറെറാലികൾ "മായ" എന്ന ലഘു കവിതയിൽ മുഴങ്ങുന്നുണ്ടു്.

"മായ വിട്ടനാദ്യന്തനീശ്വരൻ തൻ മായയി—
ലൊക്കെയും ലയിപ്പിപ്പോനത്ഭുതം പ്രവൎത്തിക്കും"

എന്നാണു് കവിയുടെ നിഗമനം. പുല്ലിൽപോലും ഈശ്വരന്റെ അത്ഭുതശക്തി നിറഞ്ഞിരിക്കുന്നതായി ഗ്രഹിക്കുന്ന കവിയുടെ അനുഭൂതികൾ 'അത്ഭുതരഹസ്യം' ആവിഷ്കരിക്കുന്നു. ഈശ്വരന്റെ അത്ഭുതാവഹമായ രഹസ്യങ്ങളെക്കുറിച്ചു് ചിന്താവിവശനാകുന്ന കവിയുടെ തുടിപ്പുകളാണു് "അത്ഭുതങ്ങൾ", ''നിഗ്രഹങ്ങൾ, മാഗ്ഗങ്ങൾ'' എന്നീ കവനങ്ങളിൽ പകൎത്തിയിരിക്കുന്നതു്. ഒരു പക്ഷെ, ഈ കവനങ്ങളെക്കാളെല്ലാം അനുഭൂതിപ്രദമായി അനുഭവപ്പെടുന്നതു് "താമര" എന്ന കവനമാകാം. ചെളിക്കുണ്ടിൽ ജനിച്ച താമരയിൽ വന്നു വീഴുന്ന ജലകണത്തെ തേൻതുള്ളിയാക്കി മാററുന്ന സൎവ്വശക്തിയുടെ കാരുണ്യത്തെ കവി വാഴ്ത്തുന്നു. ഇതു ഹൃദ്യമായ മധു അന്യക്കു് പകരാനുള്ളതാണെന്ന വിശ്വാസം പ്രഖ്യാപിക്കയും ചെയ്യുന്നു.

6523

ഭാവരൂപങ്ങൾക്ക് മാധുരി പകരാൻ കഴിഞ്ഞ ഈ കവി രചനയിൽ കൂട്ടതൽ ശ്രദ്ധിച്ചിരുന്നെങ്കിൽ എന്നു് ആശിച്ചു പോകുന്നു. കവിത നിസർഗ്ഗവികാരത്തിൻെറ അനർഗ്ഗളപ്രവാഹം എന്നതിനേക്കാളുപരി പരിശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന വികാരമാണു് എന്ന സത്യം പ്രത്യേകം ഓർത്തിരിക്കേണ്ടതുണ്ടു്. ഏതുരൂപത്തിലുള്ള ആവിഷ്കാരത്തെയും പരിശാന്തതയിൽ അവധാനപൂർവ്വം പരിശോധിച്ചു് കൂട്ടതൽ സുന്ദരവും ഭദ്രവുമാക്കുകയും വേണം. ആശയാവിഷ്കാരത്തിനും ഭാവോദ്ദീപനത്തിനും ശക്തമായ പദങ്ങൾ ഉചിതമായി പ്രയോഗിക്കുന്നതിലാണല്ലോ കവിതാ പത്തിൻെറ മേന്മ കുടികൊള്ളുന്നതു്. വികാരപ്രവാഹത്തിന്റെ അനർഗ്ഗളതയ്ക്കു് മുൻതൂക്കം കല്പിക്കുന്ന കവി, രചനയ്ക്കും തുല്യപ്രാധാന്യം നല്കാൻ അവശ്യം ശ്രദ്ധിക്കേണ്ടതാണെന്നു് പറയേണ്ടിയിരിക്കുന്നു. എന്നാൽ രചനയിൽ അവിടവിടെയുള്ള ന്യൂനതകൾ ശരിക്കും ഗ്രഹിച്ചുകൊണ്ടുതന്നെ പറയട്ടെ, നിസർഗ്ഗവികാരങ്ങൾക്ക ഉചിതരൂപം നല്കാൻ കെല്പുള്ള ഒരു അനുഗൃഹീതകവിയെയാണു് ജെ. ടി. ആമ്പല്ലൂരിൽ കാണുന്നതു്. തളരാത്ത കവനോന്മേഷമുള്ള ഈ കവി കൂട്ടതൽ അഭ്യാസനൈപുണികം നേടി ജന്മസിദ്ധമായ ശക്തിക്കു് അനുയോജ്യമാം വിധത്തിൽ വളരുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു.

ഈ കവിയുടെ ലക്ഷ്യം സമുന്നതമാണു്. പ്രയാണം സുസ്ഥിരമാണു്. ഇദ്ദേഹം തിരഞ്ഞെടുത്തിരിക്കുന്ന കാവ്യാധ്വാവു് പ്രകാശപൂരിതമാണു്. ഇദ്ദേഹത്ത

2253 2253 2257

ന്റെ ഉറച്ച കാലടികളുടെ ശബ്ദം "പ്രപഞ്ചശില്പി"-യിൽ മാറെറാലിക്കൊള്ളുന്നു. മഹത്തായ ഒരു ജൈത്രയാത്രയുടെ സമാരംഭഘോഷം മുഴക്കുന്ന ഈ കവനസമാഹാരത്തിനു് എന്റെ അകമഴിഞ്ഞ ആശംസകൾ.

പ്രൊഫ: കെ. എം. തരകൻ

കോതമംഗലം
13-4-1968.

# കവിതകൾ

1. പ്രപഞ്ചശില്പി.
2. ജീവിതം.
3. ദുഃഖവും സുഖവും.
4. മരുപ്പച്ച.
5. നിഗ്രഹങ്ങൾ, മാർഗ്ഗങ്ങൾ!
6. താമര.
7. അത്ഭുതങ്ങൾ.
8. സ്നേഹദീപം.
9. മായ.
10. അത്ഭുതരഹസ്യം.
11. ദുഃഖവും കവിതയും.
12. അന്തർദ്ദാഹം.

# പ്രപഞ്ചശില്പി

പാരിൻെറ പരിണത-
രൂപത്തെക്കൊത്തിച്ചമ-
ച്ചീടുമെപ്പൊ,ളിക്കാണുന്ന
പ്രപഞ്ചമെല്ലാം തീർത്ത

ശില്പി, തന്നുള്ളിൽ കാക്കും
ഭാവന വിരിഞ്ഞീടാ,-
നതിനൊത്തെല്ലാരെയു-
മൊരുക്കാൻ വെമ്പീടുമ്പോഴം

കാൻകാൻുള്ളും തിന്നും
വേദനയെല്ലാം പേറി
ജീവിതം നയിക്കും നാം
ഭുവിതിലുഴന്നാലും,

മായകളെല്ലാം വിട്ടു
മാനുഷത്വത്തോടൊപ്പം

മായാവിമാനം കേറി-
പ്പരലോകത്തെപ്പൂകാൻ

ഈ നരന്നേകീ കനി-
ഞ്ഞമാനുഷം ശക്തിയൊ;-
ന്നായതിൽ തപിക്കുന്നൊ-
രീനാമതറിവീല!

പ്രാപ്യസ്ഥാനത്തെത്തീടും
നേരത്തോളവും തെല്ലും
ബോധമി,ല്ലെല്ലാരേക്കാ—
ളല്ലലാ,ണലട്ടുകൾ!

വേനൽ പററില്ല,നുടൻ
വർഷമാകുവാൻ മോഹം:
വർഷമെത്തുകിൽ ദുഃഖം;
ഹർഷമുണ്ടാകില്ലന്നും!

മർത്ത്യമാനസത്തിന്റെ
ശപ്തമാം സ്ഥിതിയ,തി-
ങ്ങത്തലിൽ കഴിഞ്ഞീടിൽ
മെച്ചമായേക്കാം പക്ഷേ!

ഇപ്രപഞ്ചരംഗത്തെ-
　　ത്തീർത്തോരാ ശില്പീന്ദ്രനെ-
യെത്ര നാം സ്തുതിച്ചാലും
　　മതി തോന്നുകി,ല്ലോക്കിൽ!!

# ജീവിതം

എപ്പൊഴും ഭ്രമണംചെയ്യോ-
രെൻറയീലോകജീവിതം
സൂര്യബിംബം വലംവയ്യോ-
രുർവ്വീദേവിക്കു തുല്യമാം.

കാലഭേദങ്ങളൊപ്പിച്ചീ-
ഭൂതളിക്കു,മണിഞ്ഞിടും.
പിന്നെയെല്ലാം കൊഴിഞ്ഞീടും,
വേനൽ വന്നെത്തിടുമ്പോഴേ.

മധുകാലം കഴിഞ്ഞെത്തും
വേനലേറേറെ ശുഷ്കിക്കും
പത്രമേന്തും മാമരംപോ-
ലായിത്തീരുന്നു ഞാനുമേ!

വസന്തമാദകത്വത്തി-
ലേഴുവർണ്ണങ്ങളാർന്ന ഞാൻ

സ്വന്തമാം വര്‍ണ്ണവും പോയ്പോയ്
വിവര്‍ണ്ണത്വം തുടന്നിതാ.

വശംകെട്ടു വലഞ്ഞീടു-
ന്നൊരീദ്ദുര്‍ദ്ദശ കാണ്‍കയാല്‍
അഖിലേശന്‍ കരംനീട്ടി-
ത്തലോടീടുകയായിടാം!

വന്നു പിന്നെയുമെന്‍ ജീവ-
വാടിയെത്തേടി വാസന്തം.
തളിരണിഞ്ഞു ഹൃത്താകെ,
പുഷ്പിക്കുന്നു മദാശകള്‍.

അപ്രതീക്ഷിതമീനല്ല-
മധുമാസത്തെ രാത്രിയില്‍
എന്‍െറ ഗ്രാമീണഭൂവിങ്ക-
ലാററവക്കിലിഹത്തില്‍ ഞാന്‍

ഈ കൊച്ചു പുഴതന്‍ തീവ്ര-
വികാരം ചേര്‍ന്ന യാത്രയില്‍
കണ്‍കളൂന്നിവസിക്കുമ്പോ-
ളൊഴുകുന്നെന്‍െറ ജീവിതം.

എന്തൊരുല്ലാസമിമ്മട്ടി-
ലൊഴുകിച്ചെന്നൊരാനന്ദാല്‍

സാഗരോന്മുഖമെത്തിടാൻ,
പ്രാപ്യസ്ഥാനത്തെയാർന്നിടാൻ.

ഇതിനെന്നെത്തുണയ്ക്കുന്നോ-
രെന്റെ ജീവാത്മനാഥനെ
ഒരു നാളും മറക്കി,ല്ലെൻ
മനം കൂപ്പുന്നു നിത്യവും!

---

2253

## ദുഃഖവും സുഖവും

ഒരു ദുഃഖത്തിൻ നിഴൽ വീശാതു-
ള്ളൊരു ബഹുസുഖവും സുഖമല്ല;

ഒരു സുഖമെന്തെന്നറിയണമെങ്കിലൊ-
രഴലിൻ നിഴലതിൽ വീഴേണം.

അഴലും സുഖവും ഒരു നാണയമതി-
ന്നിരുപുറമെന്നതറിഞ്ഞീടിൽ,

അഴൽ താൻ സുഖ;മതിലുഴലാതാളുക-
ളൂഴിയിൽ നിത്യം വാഴ്‌വീലേ?

മർത്ത്യന്നൊരു മനമേകി ജഗത്പതി-
യവനിലുദിച്ച കൃപയ്ക്കൊപ്പം.

ആ മനമൂശയിൽ വാർക്കുന്നതുപോ-
ലാവും രൂപം സകലതിനും.

ദുഃഖം സുഖമായ് കാണുകി,ലവനൊടു
വിജയിച്ചിടുകില്ലിവിടാരും.

ആഴിയലച്ചു നരച്ചു പതക്കില്ല-
മംബരചാരി ഭ്രമിച്ചിടുമോ?

ശശിബിംബത്തെയണയ്ക്കും ബുദ്ധിയൊ-
ടൊപ്പമവന്നൊന്നാവശ്യം.

ഈശ്വരഭക്തിയൊരംബരമാ;ണതിൽ
മേനി മറച്ചേ ഗതി കിട്ടൂ!

അങ്ങനെയുള്ളൊരു സഞ്ചാരിക്കും
ഗതി തെററില്ല, പതിക്കില്ല.

അവനമരൻതാൻ, മർത്ത്യശരീരം
പൂണ്ടരുളുന്നോനെന്നാലും.

ദേഹമിതെന്നൊരു ജീർണ്ണം വസനം
വിട്ടൊരു നാളവനിവിടന്നും

പുതിയൊരു ദേശേഗമനത്തിന്നായ്
പുതിയൊരു വസ്ത്രമണിഞ്ഞീടും!

പലപല പുതുമകളിച്ചെറു മന്നിലെ
മർത്ത്യർക്കവനരുളാൻ സാദ്ധ്യം.

40959

മർത്ത്യൻതന്നെയമർത്ത്യൻ ജഗദധി-
പന്നുമൊരാശ്രയമവനല്ലോ.
2253

മർത്ത്യമനം കോവിൽതാൻ; പൂജകം
നിത്യവുമർച്ചനയവിടല്ലോ.

ആത്മാവാണതിൽ മരുവും വിഗ്രഹ;-
മദ്വൈതവുമതിൽനിന്നല്ലോ!

അതു നേടുകയാണേററം വലിയൊരു
നേട്ട;മതില്ലാതെന്തേററം?

ആത്മാവിന്നുയിരേകാൻ ജാഗ്രത-
യേറുകിലവനീഭ്രുവെന്നും.

മിത്ഥ്യകൾകൊണ്ടു നിറഞ്ഞ,തതിങ്കൽ
പത്ഥ്യം തോന്നാറില്ലെന്നും!

സുഖവും ദുഃഖവുമവനെ ഭരിക്കി-
ല്ലവനതിനടിമയുമല്ലെന്നും.

അവനെത്തേടിവരുന്ന സുഖങ്ങള-
മത്തലുമവനടിപെട്ടീടും.

അവനെവിളിക്കുന്നാളുകൾയമിയെ-
ന്നവനെങ്ങും സുരപുരിയല്ലോ!

40959
22253

ആളുകളേ, പുനരഴലിൽപെട്ടുഴ -
ലുന്നവരേ, തന്നിലൗകികരേ,

അഴലെന്നൊന്നി,ല്ലില്ല സുഖങ്ങളു -
മവയെല്ലു,മേ മായകൾ താൻ.

അതിലിട്ടെന്നെയുമീ നിങ്ങളെയും
പലമട്ടൊട്ടുപരീക്ഷിക്കും

മായാമാനുഷനല്ലോ ജഗത്ത്രയ -
ശില്പി; - യവന്നടിപണിയുക നാം.

അതിലുമൊരുന്നത ധർമ്മം ഭുവിതി-
ലില്ല മരിക്കുംനാൾവരെയും.

അഴലും സുഖവും, വിണ്ണും ഭുവും
ചെന്നു ലയിപ്പതുമതിലല്ലോ!

ആ വിണ്ണാറിൻ കരകൾ കവിഞ്ഞവ
കരുണക്കടലിലലച്ചെത്തും.

എന്നും തിരകളടിക്കുന്നു;ണ്ടതിൽ
മുതലകളു,ണ്ടവ പാപങ്ങൾ!

നരകൾ പതഞ്ഞൊഴുകീടുന്നു;ണ്ടവ
മർത്ത്യമനസ്സിന്നഭിലാഷം!

അഭിലാഷംതാൻ ദുഃഖം; സുഖമതി-
നെതിരായ്മേവും കരയല്ലോ!!

---

# മരുപ്പച്ച

ഒത്തിരിനാളു വലഞ്ഞുതിരിഞ്ഞിവി-
ടെത്തീ ഞാനൊരു മരുഭൂവിൽ.

ഏറിയ പാതകൾ താണ്ടിയലഞ്ഞിവി-
ടെത്തിയതാണിന്നൊരുമട്ടിൽ.

ഇവിടെയലഞ്ഞുതിരിഞ്ഞാലൊന്നും
കാണില്ലെന്നു ധരിച്ചു ഞാൻ

ഇത്തിരിനേരം സുഖമാർന്നീടാ-
നൊക്കുകയില്ലെന്നോർത്തു ഞാൻ.

കടന്ന പാതകൾ, കഴിഞ്ഞ ജീവിത-
മത്രയ്ക്കേറെ വിചിത്രം താൻ.

തകർന്ന സംഭവപരമ്പരയെല്ലാ-
ത്തമർന്നതില്ലിവ,നല്ലമാത്രം.

ഒട്ടക്ക,മിന്നിവിടലഞ്ഞിട്ടമ്പോ-
ഴട്ടുത്തുകണ്ടു മരുപ്പച്ച.

ആശകളിത്തിരി ഹൃത്തിൽ വീണ്ടും
വിരിഞ്ഞു മധുമാസത്തിൽപോൽ.

ഒരിക്കലിവനൊരു മലർവാടിയിൽവ-
ന്നിരിക്കുമെന്നു കഥിക്കുകയോ?

അടുത്തുവന്നൊരു മാധവമാസം
തുടൻകാണുന്നൊരുമട്ടിൽ,

അട്ടക്കലിത്തിരി പച്ചപിടിച്ചൊരു
പൊടിപ്പുകണ്ടു വിരഞ്ഞപ്പോം

മരീചിയല്ലതു, മലർവില്ലല്ലതു,
സുന്ദരമൊരു മലർവാടികതാൻ.

ആ മലർവാടിയി,ലന്തിയിതും വി-
ട്ടംബരസീമയിലാദിത്യൻ

അണഞ്ഞിട്ടമ്പോ,ളാടിക്കാർമുകി-
ലോടിയൊളിച്ചിട്ടമന്നേരം,

ശരിക്കുമിത്തിരിജീവിതമാം തേർ
തെളിച്ചിടാൻ വരികത്രേ ഞാൻ.

അതേരിന്നരുളോരോന്നിലുമെൻ
മാർഗ്ഗം തെററാതുഴലായ്‌വാൻ

ശരിക്കമുള്ളൊരു ഗമനപഥം ക-
ണ്ടെൻ രഥമങ്ങവരേയ്ക്കത്തോൻ

തെളിച്ചിടേണം മനമഖിലേശാ,
തെളിഞ്ഞു കൃപയോടെന്നാളും.

തെളിയ്ക്കു സാരഥി, നീയെൻ തേരിൽ
കരേറു വേഗം, വൈകാതെ.

നീയാണിനിമേലെനിക്ക സൽപഥ-
മുരയ്ക്കുമാ നൽ കൂട്ടാളി.

നീയെൻ സാരഥിയായിത്തേരിതി-
ലേറുകി,ലെൻ തേരൊരുനാളും

ഏതു രണാങ്കണമെത്തുകിലും തോ-
ററോടുകയില്ല, ജയിക്കും ഞാൻ.

---

## നിഗൂഢങ്ങൾ, മാർഗ്ഗങ്ങൾ!

നിഗൂഢങ്ങൾ മനോവ്യാപാ-
രങ്ങ,ളീശന്റെ ചിന്തകൾ;

ദുർഗ്രാഹ്യങ്ങൾ കർമ്മമാർഗ്ഗ-
ഗതി, പിന്നെ ഫലങ്ങളും.

ജഗദീശന്റെ മായയ്ക്കൊ-
ട്ടതിരില്ലോർക്കിലെന്നുമേ;

ഓർക്കാതെയൊട്ടിരിക്കാനു-
മൊക്കില്ലോരോന്നുകാൺകവേ.

തകർന്ന വീണതൻ കമ്പി-
കടക്കണ്ണാലെ മീട്ടുവോൻ

കണ്ണും തുറക്കാതെ പാടി-
യത്ഭുതങ്ങൾ ചമയ്ക്കുവോൻ,

2253 40959

അനന്താകാശമുണ്ടാക്കി-
ത്താരകങ്ങൾ ചമയ്ക്കുവോൻ,

അതിൻ മദ്ധ്യേ ശശിബിംബ-
മൊരുക്കിയെന്നും നിർത്തുവോൻ,

ഒരു വാസന്തരാവിങ്കൽ
ഭുവി ചന്ദ്രികയെങ്ങെങ്ങും

വാരിത്തൂകിയുമെല്ലാർക്കു-
മാനന്ദത്തെക്കൊടുപ്പവൻ,

മൃദുലാംഗികൾ പുഷ്പങ്ങൾ
വിടർത്തിത്തേൻ ചമച്ച,തിൽ

രൂപസൗഭാഗ്യമുണ്ടാക്കി,
മധുപത്തെയയയ്ക്കുവോൻ,

ശശി പോയി മറഞ്ഞീടി-
ലർക്കദേവനെ നിത്യവും

ഭുവിലേക്കു നയിക്കുന്നോ-
രാദിരൂപത്തെ നിത്യവും

കാൺമൂ ഞാ,നീവകച്ചിത്ര-
മൊക്കെ നോക്കുമ്പൊ,ഴെപ്പൊഴും.

40959

വിരുതേറിയൊരക്കൈകൾ-
ക്കർപ്പിച്ചീടുന്നു വന്ദനം!

നിഗൂഢങ്ങളീശ്വരന്റെ
നിസർഗ്ഗപരചേഷ്ടകൾ

നിസ്സാരമായെണ്ണീടുന്നോ-
രജ്ഞാനികൾ മനുഷ്യർ നാം!

---

# താമര

എന്മനസ്സാം താമരപ്പൂ-
മൊട്ടിനുള്ളിൽ ജലകണം
വന്നുവീണു; വസന്തത്തിൻ
സമാരംഭം കുറിക്കയായ്.

ശിശിരത്തുവിൽ മൊട്ടെല്ലാം
മഞ്ഞുതുള്ളികൾ വീഴ്കവേ,
നശി;ച്ചന്നു തളർന്നോട്ടം
വിടരാഞ്ഞതു ഭാഗ്യമായ്.

ഈ വർഷകാലബിന്ദുക്ക-
ളെൻ മനസ്സിൻെറ സംഗീതം;
ഇതു തേനായ് ചമഞ്ഞീടു,-
ന്നേറെ നാൾകൾക്ക മുന്നമായ്.

ഒരു തുള്ളി ജലം വീഴ്ത്തി-
ത്തേനെനിക്കരുളീടുവാൻ
കൃപ തോന്നിയ കൈകൾക്കി-
ന്നുരചെയ്യട്ടെ നന്ദി ഞാൻ.

ആ ജലം തന്നെയക്കൻെറ
ശക്തിയേറും കരങ്ങളാൽ
സ്പർശമേററിട്ടു പെട്ടെന്നു
പത്മരാഗസമാനമായ്

ചെളിക്കണ്ടിൽ ജനിച്ചീഞാ-
നെങ്ങനിമ്മട്ടിലാ;യത്തും
തേനെനിക്കു കിടച്ചോര-
ക്കഥ,യത്ഭുതമാക്കുമേ!

ഇവിടിക്കൊച്ചുസരസ്സി-
ലല്പി നീർത്തി വിടന്നു ഞാൻ
എന്നുമെപ്പൊഴുമെൻ ദേവ-
നടിക്കുമ്പൊളുണർന്നിടും.

എന്നിലുള്ളോരമൃതത്തെ
നൽകുമന്യർക്കു വേണ്ടി ഞാൻ
ഭൃംഗം, ശലഭ-മീരണ്ടു-
മെനിയ്ക്കൊന്നെന്നുമൊന്നുപോൽ.

ഇമ്മട്ടനൃക്ക് നല്കാനായ്
മധുരിക്കുന്ന തേൻകണം
എന്നിലുണ്ടാക്കിവച്ചോരു
കൈകളെത്ര മഹത്തരം!

---

2252

# അൽഭുതങ്ങൾ

വാർമഴവില്ലങ്ങംബരസീമയിൽ
രാഗവിശേഷം ചൊരിയുമ്പോൾ

വാടിവലഞ്ഞൊരു ചിത്തവുമായ്ഞാ-
നോക്കുകയാ,ണെൻ വ്യഥയെല്ലാം.

പാടുക, പാടുക കുയിലേ നീ! നിൻ
മാനസ വ്യഥതൻ കഥയെല്ലാം.

വേദന തിന്നു മരിക്കാനുലകിൽ
ജീവികളായി ജനിച്ചോർ നാം.

വിതച്ചതെല്ലാം കൊയ്യാനും വിധി-
യനുവാദം തരികില്ലല്ലോ!

അജ്ഞരിവർ നാം വിരിയുവതെന്തിനു്?,
നൽകുവതീശഹിതം പോലെ.

2253

എങ്കിലുമെല്ലാമോൎക്കുന്നേരം
ഹൃദയം പിടിവിട്ടലയുന്നു.

കരളുരുകുന്നു, കണ്ണുകൾ നിറയു-
ന്നാകെത്തകരുന്നവശൻ ഞാൻ.

ഹൃദയം നൊന്തു പിടഞ്ഞീടുമ്പോ-
ളീ നിൻ ഗാനമൊരാശ്വാസം.

പാടാനുള്ളൊരു കഴിവുണ്ടാകിലി-
തൊക്കെപ്പാട്ടായ്ത്തീൎന്നേനെ.

പാടിപ്പാടിക്കദനപരമ്പര
വിട്ടൊരു മോദവുമാൎന്നേനേ.

പാടാനറിയി,ല്ലെന്തിനിമാൎഗ്ഗ;മി-
തെഴുതിത്തീൎക്കുകയത്രേ ഞാൻ.

പാട്ടുംപാടിയിരിപ്പൊരുനിന്നെ-
സ്സുഖിമാനായ്ച്ചൊല്ലുന്നാരും;

സുഖമുള്ളതു കൊണ്ടല്ലിപ്പാട്ടുക-
ളെന്നറിയുന്നതു ഞാൻ മാത്രം.

ഒത്തിരി ദുഃഖം വളരുമ്പോ,ളതിൽ
നിന്നൊരു മോചനമാൎന്നീടാൻ

2353

പാട്ടുമൊരൗഷധ;മതുകൊണ്ടല്ലീ
പാടിപ്പാടിയിരിപ്പൂ നീ!

കേറംക്കന്നോക്കിലാഹ്ലാദംകൊ-
ണ്ടോതുന്നവ,രതിനെതിരായി.

ഒരു ദുഃഖംകൊണ്ടൊരുവൻ കരയു;-
ന്നപരനതാഹ്ലാദം ചേപ്പൂ.

വിധിതൻ ഗതിയാ,ണിതിനൊരുനീക്കം
ചേക്കാനാക്കമസാദ്ധ്യംതാൻ.

ധാതാവീധര വാത്തപ്പോറം ചില
ശാശ്വതഭാവവുമതിനേകി.

അതു തുടരുകയാ,ണിന്നുംനാളെയു-
മെന്ന,ല്ലെന്നുമനായാസം.

അക്കഥയറിയുകി,ലെല്ലാമത്ഭുത-
മത്ഭുത,മെന്തിനൊരസ്വാസ്ഥ്യം?

അത്ഭുതകഥകളിതറിവോക്കെന്നുമൊ-
രസ്വാസ്ഥത ഹൃദി വായ്ച്ചീടാ!

---

# സ്നേഹദീപം

ദേഹിയാം ദീപം ജ്വലിച്ചിടുവാൻ
ദേഹത്തിൽ തൂവൊളി ചിന്നിടുവാൻ

എണ്ണയായ് നിത്യമൊഴിച്ചിടുന്നോ-
രെണ്ണമേയു;-ള്ളതു സ്നേഹമത്രേ!

ആസ്തിക്യമാകും തിരിതെറുത്തി-
ട്ടാത്മാവിൽ വിശ്വാസജ്വാലയേന്തി

പാപക്കൊടുങ്കാററിൽക്കെട്ടിടായ്‌വാൻ
തൂവെളിച്ചം ചുററും കിട്ടിടുവാൻ

സത്യമാം ചിമ്മിനിയാൽ മറച്ചി-
ട്ടത്യന്തഭദ്രമാം ദീപമേന്തി

ക്രൂരിരുൾ ദൂരത്തകററിടുവാൻ
പാരിതിലെങ്ങും നടന്നിടുവാൻ

ജ്ഞാനമാം പുസ്തകം മേശമേൽ വ-
ച്ചാനന്ദമഞ്ചത്തിലേറിനിത്യം

ദിവ്യമാം ചക്ഷുസ്സിനാൽ നകൻ
ജീവിതാദ്ധ്യായം പഠിയ്ക്കണം നാം.

ഈയേകദീപവുമേന്തി ഭുവി-
ലീരാവിലേകനായ് ചുററിടുവാൻ,

കാടും മലകളും മേടുകളു-
മാടൽ വിട്ടാനന്ദാൽ താണ്ടിടുവാൻ

ക്രൂരിരുൾ നീക്കി മാർഗ്ഗം തെളിക്കും
ദീപമേ, നീ ജ്വലിക്കെന്നുമെന്നും!

നിന്നിൽജനിക്കുന്ന ജ്വാല കൊണ്ടേ
മന്നിലെക്കാളിമയററുപോകൂ!

മൎത്ത്യൻെറ കാൽകൾ വഴുതുകില്ല,-
ന്നാമാർഗ്ഗമാരും തടയുകില്ല.

നേർവഴിയ്ക്കാരേയുമാക്കിടുവാൻ
മാലിന്യം കൂടാതെ കാത്തിടുവാൻ

ഭദ്രമാം ദീപമൊന്നീജഗത്തിൻ-
ശില്പിഹിതത്താൽ ജ്വലിക്കുമെങ്കിൽ

ഈലോകവ്യാധിതൻ ചപ്പിനെല്ലാം
ജ്വാലകൊളുത്തിത്തകർത്തു ദൂരെ

അജ്ഞാനമാമിരുൾക്കുത്തിൽനിന്നും
വിജ്ഞാനം തേടും മനുഷ്യരെല്ലാം.

ഏകമാം ദീപമിതെങ്ങുമെന്നു-
മേകത്ര തൂവെളിച്ചം പരത്തും!

സ്നേഹമാമാദീപമുജ്ജ്വലിക്കിൽ
ജ്ഞാനിയായ് മർത്ത്യൻ വളരുമെന്നും!

ഭദ്രമാമായേകദീപമേന്താൻ
ഭദ്രമാം നാളരുളട്ടെ ദൈവം!!

---

# മായ

മാണിക്യമണിച്ചെപ്പി-
ലടച്ചു ഭദ്രം വയ്ക്കും
ഗുളികക്കൂട്ടം സിദ്ധൗ-
ഷധങ്ങളെന്നാലെന്തേ,

ചെപ്പുപൊട്ടിയാൽദ്ദൂരെ-
ത്തെറിച്ചുവീഴും, ചിത്ര-
മിപ്രപഞ്ചവുമിതേ
വിധം താനോർമ്മിക്കുകിൽ;

മായയാണെല്ലാം, മന-
സ്സാകവേ ശില്പീന്ദ്രനിൽ
ചായുന്നതാക്കിച്ചെയ്താൽ
തെല്ലെല്ലാമറിഞ്ഞേക്കാം.

മായുന്നതല്ലാതില്ലോ:-
ന്നല്ലലിൻ വേഷം പൂണ്ടി-
ങ്ങായുന്നു നശിപ്പിക്കാൻ,
ദീപത്തെ മരുത്തുപോൽ.

സങ്കല്പചിത്രം നെയ്തു,
സന്തപ്തമനം പാപ-
പങ്കിലമാക്കിക്കഴി-
ച്ചീട്ടുമീനരനെന്നും

കത്തുന്ന തീയാണുള്ളി;-
ലുജ്ജ്വലമാകും പാപ-
ക്കൊടുങ്കാററടിക്കുമ്പോ,-
ളാളിടും പരന്നേററം.

പാരമീ പരമാണു-
തുല്യനാം നരൻ, ചിന്താ-
ശൂന്യനായ്, സുഖത്തിൻെറ
പിന്നാലെപററിക്കൂടി,

കൈയ്യും നശിച്ചന്ത്യ-
മാത്തനായ്ത്തീർന്നിടുമ്പോൾ
ജീവിതം തകർന്നാകെ-
യാത്മാവും പകയ്ക്കുന്നു!

ആശകൾ വദ്ധിപ്പെന്നാ-
ലന്ത്യകാലത്തും, ചിത്ര-
മീലോകമായയ്ക്കുള്ളിൽ
പിന്നെയും മുഴുകീടാൻ!

ദൈവത്തിൽ മനംചെൽകിൽ
മായതാനെല്ലാം, വെറും
മായയാ,ണനേകംപേ -
രജ്ഞരായ് നശിക്കുന്നു!

അന്യോന്യം സ്നേഹം വള, -
ത്തീശനിൽ മനംചേത്തി -
ട്ടൊക്കെയും പരബ്രഹ്മ -
ത്തിന്നുതാൻ സമപ്പിക്കിൽ,

ആത്തരാമാരംകരംക്കായി -
ജ്ജീവിതമൃഴിഞ്ഞുംകൊ -
ണ്ടീലോകമായയ്ക്കുള്ളിൽ
വീഴാതെ പുറത്തെത്തിൽ,

നശ്വരലോകം വെടി -
ഞ്ഞത്ഭുതമാക്കും ചേക്കും
ദിവ്യലോകത്തെത്തിടാ, -
മൈശ്വര്യം വരിച്ചിടാം!

ആദിദേവനെപ്പൂജി -,
ച്ചാദരിച്ചാനാമവു -
മാദിതൊട്ടന്ത്യംവരേ -
യ്ക്കോക്കുകിൽ ശുഭം നിത്യം.

മായകൾ വെടിയേണം,
മാറാപ്പു വർദ്ധിച്ചിടി-
ലെത്രയും ക്ലേശം യാത്ര;-
ക്ഷീണവും വർദ്ധിച്ചീടും.

മായവി,ട്ടനാദ്യന്ത-
നീശ്വരൻതൻ മായയി-
ലൊക്കെയും ലയിപ്പിപ്പോ,-
നത്ഭുതം പ്രവർത്തിക്കും!

അത്തരം നിത്യാനന്ദ
മാർഗ്ഗവും തേടി, പാന്ഥ-
ചാരിയായ്ത്തിരിച്ചീടിൽ,-
നേടിടുന്നെല്ലാം നമ്മൾ!!

---

# അൽഭുതരഹസ്യം

ആദിയുമന്തവുമില്ലാത്തൊരു നൽ-
നാദബ്രഹ്മത്തിൻ ചെറുവീചികൾ
പാറിയണഞ്ഞീ മാനുഷഹൃത്തിൻ
കണ്ണുപുടങ്ങളിൽ വന്നു പതിക്കെ,

നീണ്ടുപരന്നുകിടക്കും ജീവിത-
ദുഃഖത്തിൻറലയാഴിയിൽ നീന്തും
നിങ്ങളെ,യെന്നെയു,മെല്ലാമെല്ലാ-
മക്കരെയെത്തിക്കാനായ് തുഴയും

ആ വൻശക്തിയിലൊക്കെ മറന്നിവി-
ടുല്ലാസത്തോടമരുംനേരം,
കാണാമകലെ,യദൃശ്യകരത്താൽ
മാടിവിളിപ്പൊരു രൂപം നിത്യം.

പുല്ലിൻതുമ്പിനുപോലും ക്രമ്പുക-
ളേകിദ്ധന്യത നേടി വസിക്കും
ശക്തിയിലൊക്കെയടങ്ങിയിരിപ്പൂ;-
ണ്ടവയോർത്തമരുക ശുഭമെന്നും!

## ദുഃഖവും കവിതയും

ഇരുളിൻ മാറിൽ താരകളാകും
സൂചികൾ കൊണ്ടു തുളയ്ക്കും നേരം
തെല്ലു വെളിച്ചം ഭുവിനു കിട്ടു;മ-
തല്ലോ ജഗദീശന്റൊരു സൂത്രം.

ഇരുളിലുമിത്ര മനോഹരമായി
പ്രഭയരുളീടാനുററ സമർത്ഥൻ
ശില്പിയവന്നുടെ വിരുതുരചെയ്‌വാ-
നല്പവുമെളുത,ല്ലെളിയവർ നമ്മാൽ!

എന്നിലുമെല്ലാരിലുമുള്ളിരുളിനെ
യാതനയാകും സൂചികൾ കൊണ്ടഥ
കുത്തിമുറിച്ചു പ്രകാശം ഭുവിനു
നല്കുന്നവനൊരു ശക്തിസ്വരൂപൻ.

സൂചിത്തുമ്പാൽ കുത്തു ലഭിക്കെ-
പ്പിടയുന്നോർ നാം പഴിയുര ചെയ്യും;

പിഴ ചെയ്യുകയല്ലെന്നു ധരിക്കാ-
നെളുതോ, ഫലമറിയുന്നാൾ മുമ്പേ!

ഏതുവെളിച്ചവുമിരുളിൽനിന്നാ-
ണല്ലാതുള്ളതു നില്ക്കില്ലെന്നും!
നന്നായറിയിച്ചീടാനല്ലോ, പകലു-
മതിന്നവതിയിലൊരിരുട്ടും.

ജീവിതമാരംഭിപ്പതുമിരുളാ-
യവസാനിപ്പതു ദീപ്തിയൊടെന്നും;
കഷ്ടം, സാരവിഹീനൻ മാനുഷ-
നോക്കുന്നില്ല,തുതന്നെ വിചിത്രം!

കവിതയുമിത്തരമല്ലോ ജനിയ്ക്കു-
ന്നോക്കുകിലെല്ലാമിമ്മട്ടത്രേ;
അഴലില്ലാതില്ലൊന്നു,മതിന്ന-
ല്ലാതില്ലിത്തിരിപോലും പ്രഭയും!

എൻ ദുഃഖത്തിന്നിരുളിൻമാറിൽ
സൂചികൾകൊണ്ടു തുളപ്പൊരു ദൈവം
എന്നിലെ ദുഃഖത്തിൻ പാൽക്കടലി-
ന്നമൃതു ലഭിപ്പാൻ ശ്രമമാർന്നീടവേ,

ദുഃഖത്തിൻ നെട്ടുതാഴിയിൽ നീന്തും
ദുഃഖിതനിവനിൽനിന്നു ജനിക്കും

സുധയാണെൻ കവിതകളെന്നോതു-
ന്നല്ലാതില്ലൊരു ഭാഷയുമോക്കിൽ.

എൻ ദുഃഖത്തിൻ തപ്തസമുദ്രം
കടയുമ്പോളതിലുയരുവതമൃതം
തന്നെ;യെനിക്കതു ജീവൽസ്പന്ദം-
കവിതയതാകും നിങ്ങൾക്കപ്പോൾ!

---

൭൭൨൨

## അന്തർദ്ദാഹം

ഹൃദയം നൊന്തു വലഞ്ഞു ഞാ,നൊരു
കമ്പി തകർന്ന വിപഞ്ചികപോൽ.

ഹൃദയാലുത്വം തേടീ ദാഹജ-
ലത്തിനു ചാതകമുഴറുംപോൽ.

എൻജീവിതമാം പിച്ചകവള്ളി-
യ്ക്കിത്തിരി വെള്ളമൊഴിച്ചീടാൻ

സന്മനസ്സുള്ളവരാരും കണ്ടി;-
ല്ലെങ്ങനെ വളരും?, പൂവണിയും?

ഒത്തിരിയാശകളു,ണ്ടവ ശരിയാ-
യൊക്കുവതിന്നും വഴികാണാ!

സത്തുക്കളെ ഞാൻ കണ്ടി,ല്ലിവിടിനി
നന്മയ്ക്കിടമില്ലിത്തിരിയും.

2253

എന്നിലെ മോഹനസ്വപ്നസരിത്തി-
ന്നകലത്തെത്തി,യിതേവരെയും
എന്നെ നയിച്ചൊരു തേജോരൂപം
ഹൃദയവിപഞ്ചിക മീട്ടുമ്പോഠം

കനകമടച്ചു പുതച്ചുകിടക്കാൻ,
കഥയില്ലാത്തവനായ്ത്തീരാൻ,
മനസ്സമടിയ്ക്കു;ന്നെന്നിലെ ദാഹം
മാറാതൊന്നിനുമില്ലിനി ഞാൻ.

ആരു,ണ്ടാരു,ണ്ടിത്തിരിവെള്ളം
നൽകാ,നെന്നെ വളർത്തീടാൻ
എന്നു കരഞ്ഞു; വാനത്തപ്പോഠം
മഴവില്ലൊന്നു തെളിഞ്ഞല്ലോ.

ആ മഴവില്ലിന്നേഴുനിറങ്ങളു-
മേകിയ ശക്തിയെ വാഴ്ത്തും ഞാൻ.
ആ ശക്തിക്കടിക്കുപ്പിവസിക്കുകിൽ
ദാഹം പിന്നിവിടുണ്ടാകാ.

ദാഹം ചെററ വലയ്ക്കാത്തുള്ളൊരു
ലോകവുമിതിനക്കരയല്ലോ!

---

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
( A PROJECT OF KOTTAYAM PUBLIC LIBRARY)

Cl.No.....MA 10....... Acc. No....2253.............

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

MA-10 2253

MA-10

ജെ. ററി. അമ്പല്ലൂർ
(പ്ര) പഞ്ചശില്പി

2253